GAZETTE DATE : 31.12.2025
LAST DATE : 04.02.2026

# GENERAL RECRUITMENT – DISTRICT-WISE
# CATEGORY NO: 761/2025

Applications are invited online only by One Time Registration exclusively from qualified candidates for selection to the undermentioned post (Recruitment By transfer).

1. **Department** : **General Education**
2. **Name of post** : **High School Teacher (Malayalam) (Recruitment By Transfer)**
3. **Scale of pay** : **₹ 41,300-87,000/-**
4. **Number of vacancies** : **District wise**

| | |
|---|---|
| KANNUR | 01 (One) |

***Note***:-

(i) Candidates shall apply online only by One Time Registration on www.keralapsc.gov.in Applications submitted in any other manner will be summarily rejected.

(ii) In the absence of suitable candidates, the vacancies set apart for By Transfer recruitment shall be filled up by the candidates from the Ranked List prepared for Direct recruitment.

(iii) The applicant should be an approved probationer/Full member of the Kerala General Education Subordinate Service as on the date of application.

(iv) A Ranked List will be prepared for the above district in pursuance of this notification. The Ranked list thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against the aforesaid vacancies and also against the vacancies, if any, reported during the currency of the list.

(v) Candidates should submit the application for this post to Kannur District where vacany is existing and should note the name of the District against the relevant column of the online application.

(vi) The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O. (Ms)No.154/71/PD dated, 27.05.1971. A candidate advised for appointment in one revenue district from the Ranked List prepared is not eligible for transfer to another district unless he/she completes five years continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in G.O(MS)No.4/61/PD, dated 02.1.1961. Candidates already in Government service holding the same post in any one district are prohibited from applying again for this post, but they can apply to higher posts when notified.

(vii) The rules regarding the reservation of appointment contemplated in Rules 14 to 17 in Part II of the KS & SSR are not applicable to recruitment by transfer.

5. **Method of appointment** : Recruitment by transfer from among the employees who have completed the prescribed service and are working as Clerk/Typist/Attender/Office Attendant/Binder in General Education Department. (See item(3) under No.7 below)

**6. Age Limit : Not applicable.**

**7. Qualifications:-**

**(1)** A Degree in Malayalam or Malayalam as one of the two optional subjects under Part II or Part III and B.Ed/BT/LT conferred or recognized by the Universities in Kerala.

OR

A Title of Oriental Learning in Malayalam awarded by the Universities in Kerala and Certificate in Language Teachers Training issued by the Commissioner for Government Examinations, Kerala.

**Note :-** **The Degrees/Diplomas awarded by UGC approved Universities or Institutions established through an act passed by Parliament/State Legislative Assembly in accordance with the conditions laid down in G.O.(M.S) No.526/PD dated 17.07.1965 are acceptable for appointment in Government Service.**

(Link:- https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf )

**(2)** Must have passed the Kerala Teacher Eligibility Test (K-TET, Category III ) for this post conducted by the Government of Kerala.

**Exemption**:

1. Candidates who have qualified CTET/NET/SET/M.Phil/Ph.D in the respective subjects / M.Ed. in any subject are exempted from acquiring KTET (G.O. (P) No. 145/16/G.Edn. Dated 30.08.16, G.O.(P)No.206/16/G.Edn. Dated 08.12.2016 and G.O (P)No.15/2020/G.Edn dated 9.10.20).

2. CTET (Primary Stage & Elementary Stage) qualification shall not be considered as an alternative qualification for KTET Cat. III (G.O(P)No.6/2024/G.Edn dated 01.02.2024).

<<LINK>>

EQUIVALENT/ HIGHER QUALIFICATION

**Note:-** (i) M.Phil in the concerned subject be the one awarded by any of the Universities in Kerala or recognised as equivalent by any of the Universities in Kerala.

(ii) Post Graduates in Malayalam are also eligible to apply for the post provided they have B.Ed/B.T/L.T qualification.

(iii) B.Ed should also be in the concerned language viz. Malayalam.

(iv) The discipline in which B.A/M.A and B.Ed. Degree were obtained should be mentioned in the application form.

(v) The Employees of the General Education Department who have entered in Service before 31.03.2012 and have completed the prescribed period of Service as Clerk/ Typist/Attender/Office Attendant/ Binder are exempted from acquiring KTET qualification (GO (MS) No. 134/2017/G. Edn. Dated 30.10.2017).

(vi) KS & SSR Part II Rule 10 a (ii) and KS & SSR Part I Rule 2(13) will be applicable for the post.

(vii) In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

(3) Service as Clerk/Typist/Attender/Office Attendant/Binder in the General Education Department with not less than 5 years as on the date of application.

**Note:-** Documents to prove qualification, date of birth and service have to be produced as and when called for. Candidates should obtain a Service Certificate (in original) in the form prescribed below from the Head of Office/Department and produce as and when called for.

**SERVICE CERTIFICATE**

| | | |
|---|---|---|
| 1 | Name of candidate | : |
| 2. | Name of post held by the candidate with scale of pay | : |
| 3. | Name of the Department in which now working | : |
| 4. | Name of the Subordinate service to which the applicant belongs | : |
| 5. | Date of commencement of service and date of commencement of probation | : |
| 6. | Whether the candidate is an approved probationer or full member of the service | : |
| 7. | Community & Religion as entered in the Service Records (in the case of SC/ST/OBC only) | : |

SERVICE PARTICULARS

| Sl No | Name of post held | Period | | Length of service | | | Date of declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |
| | Total Service | | | | | | |

Certified that the above details in respect of Shri/Smt …............................ who is an Approved Probationer/Full member of the …................... Subordinate Service have been verified by me with service particulars as given in the Service Book of the candidate and that they are found correct. Also certified that Shri/Smt …................... is eligible to apply for the post of High School Teacher (Malayalam) - By Transfer as per the provisions contained in Rule 2 (13) of Part I, KS & SS Rule 1958.

Signature
Name & Designation of the Head of Office

Place :
Date : (Office Seal)

**8. Mode of Sending Application :**

a) Candidates must register as per “ONE TIME REGISTRATION” with the Official Website of Kerala Public Service Commission 'www.keralapsc.gov.in' before applying for the post. Candidates who have registered can apply by logging on to their profile using their User-ID and password. Candidates must click on the `Apply Now' button of the respective posts in the Notification Link to apply for a post. **Candidates who are creating profile newly should upload the photograph taken within 6 months**. Name of the candidate and the date of photograph taken should be printed legibly at the bottom portion of the photograph uploaded by the candidates in their profile. The photograph once uploaded meeting all requirements shall be valid for 10 years from the date of taking. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User-ID for further communication with the

Commission. Application submitted is provisional and cannot be deleted or altered after submission.**Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The Application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, community, age etc. have to be produced as and when called for.

b) **" Candidates who have AADHAAR card should add AADHAAR card as I.D Proof in their profile".**

**9. Last Date for receipt of applications : 04.02.2026** Wednesday upto 12.00 Midnight.

**10. Address to which applications are to be sent :** www.keralapsc.gov.in.

**11.** If written /OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through the One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone numbers registered in it.

**12. Special Instructions to Candidates :**

(i) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(ii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976, shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# ജനറൽ റിക്രൂട്ട്മെന്റ് – ജില്ലാതലം
## കാറ്റഗറി നമ്പർ : 761/2025

താഴെ പറയുന്ന തസ്തികയ്ക്ക് തസ്തികമാറ്റം വഴിയുള്ള തെരഞ്ഞെടുപ്പിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

1. **വകുപ്പ്** : **പൊതു വിദ്യാഭ്യാസം**

2. **ഉദ്യോഗപ്പേര്** : **ഹൈസ്കൂൾ ടീച്ചർ (മലയാളം)**
**(തസ്തികമാറ്റം വഴിയുള്ള നിയമനം)**

3. **ശമ്പളം** : **₹ 41,300-87,000/-**

4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| | |
|---|---|
| **കണ്ണൂർ** | **01 (ഒന്ന്)** |

**കുറിപ്പ്:-** (i) അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(ii) തസ്തികമാറ്റം വഴി നിയമനത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (Approved Probationer) ആളോ ആയിരിക്കണം.

(iv) ഈ വിജ്ഞാപനപ്രകാരം മേൽ ജില്ലയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നം. 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം. 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR - ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

5. **നിയമന രീതി** : പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ്, ബൈൻഡർ എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് ഉള്ളവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.(ചുവടെ നമ്പർ 7-നു കീഴിൽ (3) കാണുക

**6. പ്രായപരിധി :** ബാധകമല്ല.

**7. യോഗ്യതകൾ :-**

(1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ മലയാള ഭാഷയിലുള്ള ബിരുദം അല്ലെങ്കിൽ പാർട്ട് രണ്ടിലോ പാർട്ട് മൂന്നിലോ മലയാളം ഒരു ഐച്ഛിക വിഷയമായി എടുത്ത് ലഭിച്ചിട്ടുള്ള ബിരുദം കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി/എൽ.റ്റി ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയ പൗരസ്ത്യഭാഷ (മലയാളം) പഠനത്തിലുള്ള ടൈറ്റിലും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

**കുറിപ്പ്: 17.07.1965 -ലെ G.O.(MS) No. 526/PD -യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ്/സംസ്ഥാന നിയമസഭകൾ ഇവയിലേതെങ്കിലും പാസാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ UGC അംഗീകൃതമായിട്ടുള്ളതോ ആയ സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ ഇവ സർക്കാർ സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.**

(Link: https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf )

(2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്, കാറ്റഗറി III ) പാസ്സായിരിക്കണം.

**ഇളവുകൾ –**

1. ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/ഏതെങ്കിലും വിഷയത്തിൽ എം.എഡ് യോഗ്യതയും നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016, G.O. (P) No. 15 /2020/G.Edn. തീയതി 09.10.2020).

2. KTET CATEGORY III യ്ക്ക് പകരമായി CTET (Primary Stage & Elementary Stage) യോഗ്യത സ്വീകരിക്കുന്നതല്ല(G.O(P)No.6/2024/G.Edn dated 01.02.2024**).**

**<<LINK>>**

**EQUIVALENT/ HIGHER QUALIFICATION**

**കുറിപ്പ്:-**

i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii) മലയാള ഭാഷയിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്കും ബി.എഡ്/ബി.റ്റി/എൽ .റ്റി യുള്ള പക്ഷം ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് .

iii) ബി.എഡ്. ബന്ധപ്പെട്ട വിഷയത്തിൽ അതായത് മലയാള ഭാഷയിൽ തന്നെ ആയിരിക്കണം.

iv) ബിരുദത്തിന് / ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ് / ബി. റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

v) 31.03.2012 -ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ്, ബൈൻഡർ എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല.

vi) കെ.എസ് &എസ്.എസ്.ആർ പാർട്ട് II റൂൾ 10 (a) (ii) , കെ.എസ് &എസ്.എസ്.ആർ പാർട്ട് I റൂൾ 2 (13) എന്നിവ ഈ തസ്തികയ്ക്ക് ബാധകമാണ്.

vii) "ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്."

(3) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ്, ബൈൻഡർ എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**<u>കുറിപ്പ്:</u>** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും, വിദ്യാഭ്യാസ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

## സർവ്വീസ് സർട്ടിഫിക്കറ്റ്

1 ഉദ്യോഗാർത്ഥിയുടെ പേര് :
2 ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും :
3 ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് :
4 ഉദ്യോഗാർത്ഥി ഏത് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്നു എന്ന് :
5 സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും :
6 ഉദ്യോഗാർത്ഥി അപ്രൂവ്ഡ് പ്രൊബേഷണറോ ഫുൾ മെമ്പറോ എന്ന് :
7 SC/ST/OBC എന്നിവരുടെ കാര്യത്തിൽ സമുദായം/മതം സർവ്വീസ് രേഖകളിൽ കാണും പ്രകാരം :

### സേവന വിവരങ്ങൾ

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലയളവ് | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| ആകെ സർവ്വീസ് | | | | | | | |

............... സബോർഡിനേറ്റ് സർവ്വീസിൽ ഒരു അപ്രൂവ്ഡ് പ്രൊബേഷണർ / ഫുൾ മെമ്പറായ ശ്രീ/ശ്രീമതി .............................. എന്ന ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ/ശ്രീമതി ..............................ഹൈസ്കൂൾ ടീച്ചർ (മലയാളം) തസ്തികയ്ക്ക് (തസ്തികമാറ്റം വഴി) അപേക്ഷിക്കാൻ 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ പാർട്ട് 1 – റൂൾ 2(13) പ്രകാരം അർഹതയുള്ള ആളാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഓഫീസ് തലവന്റെ ഒപ്പ്
പേര്, ഉദ്യോഗപ്പേര്

സ്ഥലം :
തീയതി : (ഓഫീസ് സീൽ)

8. **അപേക്ഷകൾ സമർപ്പിക്കേണ്ട രീതി :-**

(a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ, 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് ആണ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടത്.** ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യുന്ന ഫോട്ടോഗ്രാഫിൽ ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ ' My applications എന്ന Link - ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

b) **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

9. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 04.02.2026 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

10. **അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം : www.keralapsc.gov.in**

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് /ഒ.എം.ആർ /ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ.ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

12. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ :**

i) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്കു വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

ii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ 1976, റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ  കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**